DESPATCHED
On.15/9/21....

8/9/21


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in


ഹർജി നമ്പർ **AP 659(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.6387/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 സെപ്റ്റംബർ 8**

ശ്രീ. ആർ.ബി.സി. നായർ,
ജയ വിലാസ്,
വാളത്തുംഗൽ പി.ഒ.,
കൊല്ലം - 691 011.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര, കൊല്ലം.
2. അപ്പീൽ അധികാരി & അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ, ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 30.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 11.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.2.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 15.3.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 5.5.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 23.6.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 7.7.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 6.8.2021 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 7.9.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ആർ.ബി.സി. നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമ പ്രകാരം ഒന്നാം

എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിലെ എല്ലാ ഇനങ്ങൾക്കും പൂർണ്ണമായ മറുപടി നൽകുന്നതിനും കാലതാമസം വരുത്തി മറുപടി നൽകിയതിന് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 21.1.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. Information about the authority with copy of the related Chief Office order (over riding the instructions in Chief Office Circular Memorandum dated 20.12.2019 on No.PA.1/021196/19, to produce only 7 documents listed in it), insisting a 'സമ്മത പത്രം' in stamp paper worth Rs. 200/- from the members of family, other than the legal claimant for Family Pension in cases of demise of employees while in service.

ii. Information with copy of the related Chief Office order, by which an internal enquiry through domestic machinery has been made customary exordium, for sanction of family pension to claimant, legally authenticated by the concerned Tahsildar, in above sequel cases and so on numbering to five items.

3. മേൽപ്പടി അപേക്ഷയ്ക്ക് 11.2.2021, 27.2.2021 എന്നീ തീയതികളിൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, രേഖകൾ പരിശോധിച്ചതിൽ നിന്നും വിവരാവകാശ നിയമ പ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തന്നെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് മറുപടി നൽകിയതായി ബോധ്യപ്പെട്ടു എന്നും 1, 2, 3 എന്നീ ചോദ്യങ്ങൾക്ക് ലഭ്യമായ വിവരങ്ങളെല്ലാം നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പിനായി 12/- രൂപ അടച്ച് രസീത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും കേവലം 10/- രൂപ മാത്രമാണ് ടിയാൻ അടച്ചത് എന്നും ആയത് കോർപ്പറേഷന് സാമ്പത്തിക നഷ്ടത്തിന് കാരണമാകുമെന്നതിനാൽ 2/- രൂപ കൂടി അടച്ച് പകർപ്പുകൾ കൈപ്പറ്റുവാൻ ടിയാനോട് ആവശ്യപ്പെട്ടുവെങ്കിലും ടിയാൻ അതിന് കൂട്ടാക്കിയില്ല എന്നും ടിയാൻ ഉന്നയിച്ച ചോദ്യം നമ്പർ 4, 5 എന്നിവയ്ക്ക് ചീഫ് ഓഫീസിൽ നിന്നും മറുപടി നൽകേണ്ടതിനാലും ടി ഓഫീസിന്റെ പരിധിയിൽ വരാത്തതിനാലും അക്കാര്യം ടിയാനെ അറിയിച്ചിട്ടുള്ളതാണെന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിൽ എസ്.പി.ഐ.ഒ യുടെ ഭാഗത്ത് യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്നത് ബോദ്ധ്യപ്പെട്ടതിനാലും പിന്നീട് അപേക്ഷകൻ എതിർവാദങ്ങൾ ഒന്നും ഉന്നയിക്കാത്തതിനാലും വിവരാവകാശ നിയമ പ്രകാരമുള്ള തുടർ നടപടികൾ ഒഴിവാക്കി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിലെ 1, 2, 4, 5 എന്നീ ചോദ്യങ്ങൾക്ക് നൽകിയ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് 15.2.2021 തീയതിയായി ആവലാതിക്കാരൻ അപ്പീലപേക്ഷ സമർപ്പിക്കുകയും രേഖകൾ ലഭ്യമാക്കുന്നതിന് ഫോട്ടോകോപ്പി ചാർജായി പത്ത് രൂപയുടെ പോസ്റ്റൽ ഓർഡർ

അപ്പീലപേക്ഷയോടൊപ്പം അയക്കുകയാണ് ഉണ്ടായതെന്നും ഹർജിക്കാരന് 11.2.2021 ന് നൽകിയ മറുപടിയിൽ രേഖകൾ കൊട്ടാരക്കര യൂണിറ്റിൽ നിന്നോ ഹർജിക്കാരൻ നിർദ്ദേശിക്കുന്ന കെ.എസ്.ആർ.ടി.സി യൂണിറ്റിൽ നിന്നോ അയച്ചു നൽകുകയോ ചെയ്യുന്നതാണ് എന്നറിയിച്ചിരുന്നെങ്കിലും ഓർഡിനറി തപാലിൽ രേഖകൾ അയച്ച് നൽകുവാനാണ് ടിയാൻ ആവശ്യപ്പെട്ടതെന്നും ആയത് കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിനാൽ ആവശ്യപ്പെട്ട രേഖകൾ കൈപ്പറ്റുന്നതിന് 27.2.2021 തീയതിയായി ടിയാന് വീണ്ടും ഒരു അറിയിപ്പ് നൽകിയെങ്കിലും രേഖകൾ നാളിതുവരെ കൈപ്പറ്റിയിട്ടില്ലെന്നുമാണ്. കൂടാതെ ഹർജിക്കാരനെ മുഖദാവിൽ കേൾക്കുന്നതിന് അവസരമില്ലാത്ത സാഹചര്യത്തിൽ പി.ഐ.ഒ യുടെ വിശദീകരണം തേടുകയും അത് പ്രകാരം വിവരങ്ങൾ നൽകുന്നതിന് താമസം വരുത്തുകയോ ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്തിട്ടില്ല എന്ന കാര്യം ബോധ്യപ്പെട്ടുകൊണ്ട് അപ്പീലപേക്ഷ തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ നിയമപ്രകാരം ഫീസ് ഈടാക്കുന്ന കാര്യത്തിൽ ചെലുത്തിയ അത്ര ശ്രദ്ധ ഹർജിക്കാരന് മറുപടി ലഭ്യമാക്കുന്നതിൽ എതിർകക്ഷികൾ ചെലുത്തിയതായി കാണുന്നില്ല. ഹർജിക്കാരൻ ഒടുക്കിയ 10 രൂപയുടെ പകർപ്പുകൾ അയച്ചു കൊടുക്കാതെ പകർപ്പുകൾക്ക് ആവശ്യമായ 2/- രൂപ കുറവ് വന്നതിൽ ഹർജിക്കാരന് കത്തെഴുതി ആയത് വസൂലാക്കാനായി നടപടി സ്വീകരിച്ചതും കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നതിനാൽ രേഖകൾ അയച്ചു കൊടുക്കാതിരുന്നതും അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഇത്തരം പ്രവൃത്തികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് കമ്മീഷൻ എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ഭാഗികമായി മറ്റേതെങ്കിലും പൊതു അധികാരിയുടെയോ/വകുപ്പിന്റെയോ കൈവശമുള്ളതാണെങ്കിൽ ലഭ്യമായ വിവരം അപേക്ഷകന് നൽകുകയും അപേക്ഷയുടെ ഏത് ഭാഗത്തിനാണ് മറുപടി നൽകേണ്ടതെന്ന് വ്യക്തമാക്കിക്കൊണ്ട് പ്രസ്തുത അപേക്ഷയുടെ പകർപ്പ് 5 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട പൊതു അധികാരിക്ക് കൈമാറി നടപടി വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. അപ്രകാരം അപേക്ഷയിലെ (4) (5) എന്നീ ഇനങ്ങൾക്കുള്ള മറുപടി കെ.എസ്.ആർ.ടി.സി ചീഫ് ഓഫീസിൽ നിന്നുമാണ് നൽകേണ്ടത് എന്ന് അറിയാമായിരുന്നിട്ടും വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം പ്രസ്തുത ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് അപേക്ഷ കൈമാറാതെ ടി ഇനങ്ങളിലെ വിവരങ്ങൾ ചീഫ് ഓഫീസിൽ നിന്നും ശേഖരിക്കാവുന്നതാണ് എന്ന് മറുപടി നൽകിയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഇപ്രകാരമുള്ള നടപടികളൊന്നും സ്വീകരിക്കാത്തതും സമയബന്ധിതമായി മറുപടി അയച്ചു കൊടുക്കാത്തതും ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ച വീഴ്ചയാണ്. ടി വീഴ്ച വിവരാവകാശ നിയമം 6(3), 7(1) എന്നീ വകുപ്പുകളുടെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ മേൽപ്പടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു

വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. വിവരാവകാശ അപേക്ഷയിലെ 4, 5 എന്നീ ഇനങ്ങൾക്ക് കെ.എസ്.ആർ.ടി.സി ചീഫ് ഓഫീസിൽ നിന്നും മറുപടി നൽകേണ്ടതായതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഹർജിക്കാരന്റെ അപേക്ഷ കെ.എസ്.ആർ.ടി.സി ചീഫ് ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് അയച്ചു കൊടുക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതുപോലെതന്നെ the Kerala Right to Information (Regulation of Fee and Cost) Rules, 2006 പ്രകാരം സംസ്ഥാനത്ത് ഫീസ് അടയ്ക്കുവാനുള്ള അംഗീകൃത മാർഗ്ഗമായി പോസ്റ്റൽ ഓർഡർ ഉൾപ്പെടുത്തിയിട്ടില്ല എന്നകാര്യം എതിർകക്ഷികളെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

7. ഹർജിക്കാരന് വിവരാവകാശ നിയമ പ്രകാരമുള്ള മറുപടി ഇതുവരെ അയച്ചു കൊടുത്തിട്ടില്ലെങ്കിൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ലഭ്യമായ എല്ലാ വിവരങ്ങളും സൗജന്യമായി അയച്ചു കൊടുക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ മറുപടി തയ്യാറാക്കിയതിന് ആധാരമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ എതിർകക്ഷികൾ അനുവദിക്കേണ്ടതാണെന്നും, എതിർകക്ഷികൾ ഭാവിയിൽ കൂടുതൽ ജാഗ്രതയോടെ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യേണ്ടതാണെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 8–ാം തീയതി താത്ക്കാലികമായി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk